**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4405 25.06.2019 ൽ മറുപടിക്ക്**

**വൈക്കം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം<br>ശ്രീമതി സി.കെ. ആശ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈക്കം നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി പൊതുമരാമത്ത് വകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണം ടെൻഡർ ചെയ്തിട്ടുണ്ട്; | (ബി) പദ്ധതികൾ ഒന്നും തന്നെ ടെണ്ടർ ചെയ്തിട്ടില്ല. |
| (സി) പദ്ധതികളുടെ പൂർത്തീകരണത്തിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്.പദ്ധതികൾക്കാവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ വരുന്ന തടസ്സം മൂലമാണ് കാല താമസം ഉണ്ടാകുന്നത് |
| (ഡി) പദ്ധതികളുടെ നടത്തിപ്പിന് കാലതാമസം നേരിടുന്ന മേഖലകളിൽ പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുവാൻ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ മേൽനോട്ടച്ചുമതല നൽകി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർക്കാണ് മേൽനോട്ട ചുമതല നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **വൈക്കം വെച്ചൂർ റോഡ്** - 2016-17 -ൽ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി വൈക്കം - വെച്ചൂർ റോഡിന് 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 93.73 കോടി രൂപയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. റോഡിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈക്കം താലൂക്കിൽ റീസർവ്വേ നടക്കാത്തതിനാൽ ഭൂവുടമകളുടെ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തുവാൻ റവന്യൂ അധികാരികൾക്ക് സാധ്യമാവുന്നില്ല. ആയതിനാൽ എൽ.എ ആക്ട് 2013 പ്രകാരം പ്രസ്തുത റോഡ് വികസനത്തിന് വേണ്ട മൊത്തം ഭൂമിയുടെ വിസ്തീർണ്ണമായ 554.02 ആർ ഭൂമി ഏറ്റെടുക്കുന്നതിന് റിക്വസിഷൻ ജില്ലാ കളക്ടർ, കോട്ടയത്തിന് 06.09.2019 ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
2. **അക്കരപ്പാടം പാലം** - 15.318 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സംയുക്ത പരിശോധന കഴിഞ്ഞ് ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിയ്ക്കുന്നു. സർവ്വേ നമ്പർ 84/10 സി ബി.റ്റി. ആർ പ്രകാരം നിലം ആയതിനാൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഉത്തരവ് ലഭിക്കുന്നതിനുവേണ്ടി പ്രാദേശിക നിരീക്ഷണ സമിതിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നു. പുതുക്കിയ അലൈൻമെന്റിന് അനുമതി നൽകിയിട്ടുണ്ട്.
3. **മൂലേക്കടവ് പാലം** - ഭൂമി ഏറ്റെടുക്കാൻ നടപടികൾ പുരോഗമിക്കുന്നു. അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 25% ഉടമകളിൽ നിന്നും കൂടി മുൻകൂർ കൈവശാവകാശം ലഭിക്കേണ്ടതുണ്ട്. റവന്യൂ വകുപ്പുമായി സംയുക്ത സ്ഥല പരിശോധന 24-06-2019 – ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.
4. **വാലയിൽ പാലം** - പുതുക്കിയ ഭരണാനുമതി 14.9136 കോടി രൂപയ്ക്ക് നൽകി. ഭൂമി സൗജന്യമായി ലഭ്യമാകുന്ന വ്യവസ്ഥയിലാണ് പ്രോജക്റ്റിന് അനുമതി നൽകിയിരിക്കുന്നത്. നാളിതുവരെ ഭൂമി സ്ഥല ഉടമകളിൽ നിന്നും ലഭ്യമായിട്ടില്ല. സ്ഥലം സൗജന്യമായി ലഭിക്കുന്നതിന് കളക്ടറും അധികാരികളും ഉടമകളുമായി കൂടിയാലോചനകൾ നടത്തി വരുന്നു.
5. **വൈക്കം ടോൾ ചെമ്മനകാരി റോഡ്** - 2017-18 ബഡ്ജറ്റിൽ കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി 10 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട് ടെണ്ടർ നടപടികളൊന്നും തന്നെ ആയിട്ടില്ല.

(signature)

**സെക്ഷൻ ഓഫീസർ**